**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.136**
**08.02.2016 ലെ മറുപടിയ്ക്ക്**

മാവേലിക്കര ആസ്തി വികസന പദ്ധതി

| **ചോദ്യം.**<br>**ശ്രീ. ആർ രാജേഷ്** | | **ഉത്തരം.**<br>**ശ്രീ.ഉമ്മൻ ചാണ്ടി(ബഹു. മുഖ്യമന്ത്രി)** |
|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിലെ നൂറനാട് സബ് ട്രഷറിയ്ക്ക് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന് നാളിതുവരെയും ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | നൂറനാട് സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 4059-60-051-72-projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും അനുവാദം നൽകുകയും, എന്നാൽ മേൽ ശീർഷകം പൊതുമരാമത്തു വകുപ്പിന്റെ കീഴിലായതിനാൽ ഭരണാനുമതി ഉത്തരവു പുറപ്പെടുവിക്കുന്നതിനായി 20.01.2016-ലെ ഇ-60178/Ind&Pw.B2/2015/ധന നമ്പർ അനൗദ്യോഗിക കുറിപ്പു പ്രകാരം പൊതുമരാമത്തു വകുപ്പിനു നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടത്തിന് ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി എം.എൽ.എയുടെ കത്ത് ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തിരമായി ഭരണാനുമതി ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഉണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച ഹെൽത്ത്-ഇ 2-76/15-ഹെൽത്ത് ഫയൽ ധനകാര്യ വകുപ്പിൽ (e-66096) പരിശോധിക്കുകയും പ്രസ്തുത ശുപാർശയിൽ തസ്തിക സൃഷ്ടിക്കലിന്റെയും അധിക സാമ്പത്തിക ബാധ്യതയുടെയും ആവശ്യകതയുള്ളതായി കണ്ടതിനെ തുടർന്ന് നിരസിക്കുകയും ചെയ്തിട്ടുള്ളതാണ്. |

**അക്കൗണ്ട്സ് ഓഫീസർ**